പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1563**      **04.12. 2015-ൽ മറുപടിക്ക്**

## ഇ-വേസ്റ്റ് മാലിന്യ ശേഖരണ-സംസ്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മോയിൻകുട്ടി | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) ഇ-വേസ്റ്റ് മാലിന്യ ശേഖരണ-സംസ്ക്കരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ; | (എ) സർക്കാർ ഉത്തരവ് നം.2612/2014/തസ്വഭവ തീയതി 10.10.2014 പ്രകാരം സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഇ-മാലിന്യങ്ങൾ 5 രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനി സ്വീകരിക്കണമെന്നും തുടർന്നുള്ള പുനർചംക്രമണ പ്രവർത്തനങ്ങൾക്കായി രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ പ്രവർത്തിക്കുന്ന അംഗീകൃത സംഭരണശാലകളിലേക്ക് അയക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഉത്തരവായിട്ടുണ്ട്. |
| (ബി) ഇതിന് ഏതെങ്കിലും കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ശേഖരണ കേന്ദ്രങ്ങൾ പൊതുജനങ്ങളെ അറിയിച്ചിട്ടുണ്ടോ; | (ബി) ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) പ്ലാസ്റ്റിക് മാലിന്യ സംസ്ക്കരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വ്യക്തമാക്കുമോ: | (സി) തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അജൈവമാലിന്യങ്ങൾ, പ്ലാസ്റ്റിക് കവറുകൾ, ഇ-മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ തരംതിരിച്ച് സംഭരിക്കാനും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിച്ച് അവിടെ പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ ശേഖരിച്ച് പുന:ചംക്രമണം നടത്തുന്ന ഏജൻസികൾക്ക് കൈമാറാനുള്ള നടപടി സ്ക്രാപ് ഡീലർമാരുമായി ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | |
|---|---|
| (ഡി) ക്ലീൻ കേരള കമ്പനി നൽകുന്ന സേവനങ്ങൾ വിശദമാക്കുമോ? | **ഇക്കാര്യത്തിൽ** (ഡി) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ